# Reaching Out

Quarterly issue of Pain and Palliative Care Society, Thrissur

VOLUME - 12. ISSUE - 1. MARCH 2016.



# എന്റെ അമ്മാമ്മ

▸ അഞ്ജന ജോൺ



***തൃശ്ശൂർ** പെയിൻ ആന്റ് പാലിയേറ്റീവ് കെയർ ക്ളിനിക്കിലെ സജീവ സന്നദ്ധപ്രവർത്തകനും മെഡിക്കൽ കോളേജിലെ ഇ.എൻ.ടി. വിഭാഗത്തിലെ അഡീഷണൽ പ്രൊഫസറുമായ ഡോ. പി.വി. അജയന്റെ അമ്മ (അമ്മു) പത്മിനി വർക്കി 2015 ഡിസംബർ 11ന് തിരുവനന്തപുരത്ത് അന്തരിച്ചു. ദേവകി വാര്യർ ട്രസ്റ്റിന്റെ എല്ലാമായിരുന്ന ശ്രീമതി. പത്മിനി കേരള രാഷ്ട്രീയത്തിലെ മാനവീകമുഖമുള്ള വ്യക്തിയായിരുന്നു; ഉറച്ച നിലപാടുകളും. സാമൂഹ്യസേവനരംഗം, പ്രത്യേകിച്ചും സാന്ത്വന പരിചരണം ആയിരുന്നു കഴിഞ്ഞ കുറെ വർഷങ്ങളായി അവരുടെ കർമ്മരംഗം. കാരുണ്യത്തിലൂന്നുന്ന മനുഷ്യാവകാശ പ്രവർത്തനമാണ് സാന്ത്വന പരിചരണം എന്നത് സാക്ഷ്യപ്പെടുത്തുന്നതായിരുന്നു അവരുടെ ജീവിതം. അവരുടെ ചെറുമകളും ആദിവാസികളുടെ ജീവിതവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഗവേഷണ വിദ്യാർത്ഥിയുമായ അഞ്ജന ജോൺ അവരെ അനുസ്മരിക്കുന്നു. (കടപ്പാട് : ശ്രദ്ധ)*

**ജീവിതത്തിൽ** നിന്നും നമ്മുടെ പ്രിയപ്പെട്ടവർ മാഞ്ഞു പോകുമ്പോൾ ഉണ്ടാകുന്ന വിടവുകൾ ചിലപ്പോൾ നികത്താനാവുന്നതിനേക്കാൾ വലുതാണ്. അതുമൂലമുണ്ടാകുന്ന ശ്യൂനതയും.... ആ ശൂന്യത അറിഞ്ഞുകൊണ്ടാണ് പത്മിനി വർക്കി എന്ന ഞങ്ങളുടെ അമ്മാമ്മയെക്കുറിച്ച് ഞാൻ ഈ കുറിപ്പെഴുതുന്നത്.

അമ്മാമ്മ ഞങ്ങൾ കൊച്ചുമക്കൾക്ക് ഒരു സാധാരണ ഗ്രാന്റ് പേരന്റ് ആയിരുന്നില്ല. എന്റെ ഓർമ്മയിൽ തിരക്കൊഴിഞ്ഞ ഒരു സമയം അമ്മാമ്മയ്ക്കുണ്ടായിരുന്നില്ല. അവരുടെ യാത്രകളിൽ പലപ്പോഴും കൂട്ടിന് ഞങ്ങൾ കൊച്ചുമക്കളുമുണ്ടായിരുന്നു. അവരിലൂടെ ഒരുപാടു ജീവിതങ്ങൾ എനിക്ക് കാണാനായിട്ടുണ്ട്. അമ്മാമ്മ ചെയ്തു കൊണ്ടിരുന്ന കാര്യങ്ങളുടെ അർത്ഥവും വലിപ്പവുമൊക്കെ ഒരല്പം മുതിർന്നതിനു ശേഷമാണ് എനിക്ക് മുഴുവനായും മനസിലാക്കാൻ കഴിഞ്ഞത്. ആർസിസിയിലെ പാലിയേറ്റീവ് കെയർ യൂണിറ്റിലെ രോഗികൾക്ക് കഞ്ഞിവെള്ളം കൊടുക്കാനും ദേവകി വാര്യർ ട്രസ്റ്റിന്റെ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ ശേഖരിക്കാനുമൊക്കെ ഞങ്ങളെയും കൂടെ കൂട്ടുമായിരുന്നു. പഠിക്കാനായി വീട്ടിൽ നിന്നു മാറി ചെന്നൈയിലും ഡൽഹിയിലും താമസിക്കുമ്പോഴും ട്രസ്റ്റിൽ വരാറുണ്ടായിരുന്ന ജൂണയുടെയും മേഘയുടെയും വിശേഷങ്ങൾ അമ്മാമ്മ ഫോണിലൂടെ പങ്കിടാറുണ്ടായിരുന്നു അങ്ങനെ ഒത്തിരി ഓർമ്മകൾ....

നല്ല വണ്ണം പഠിക്കണം എന്ന് അമ്മാമ്മ എന്നോട് എപ്പോഴും പറയുമായിരുന്നു. എന്നാൽ വാക്കുകൾകൊണ്ട് പറയാതെ തന്റെ ജീവിതം കൊണ്ട് അവർ പറഞ്ഞുവെച്ച ഒരുപിടി കാര്യങ്ങൾ എന്നും മനസ്സിൽ സൂക്ഷിക്കാൻ ഞാനാഗ്രഹിക്കുന്നു.

സ്വന്തം ചിന്തകളിൽ വളരെയധികം വ്യക്തതയുള്ള ഒരാളായിരുന്നു അവർ. ആ വ്യക്തത ജീവിതത്തിന്റെ അവസാനം വരെയും താനാഗ്രഹിച്ച കാര്യങ്ങൾ ചെയ്യാനവരെ സഹായിച്ചു. ജോലിയിൽ നിന്നു വിരമിച്ചതിനുശേഷം തന്റെ സമയം പൂർണമായും സാമൂഹ്യപ്രവർത്തനത്തിനുവേണ്ടി വിനിയോഗിക്കുകയും പല മേഖലകളിൽ ഒരേ സമയം പ്രവർത്തിക്കുകയും ചെയ്തു. രാഷ്ട്രീയ പ്രവർത്തകയായും വർക്കിംഗ് വിമൻസ് അസോസിയേഷൻ മെമ്പറായും ആശ്രയ വോളന്റിയറായുമൊക്കെ ജോലി ചെയ്യാൻ അവർ ഒരുപോലെ സമയം കണ്ടെത്തി. മാത്രമല്ല, അതിലെ ഓരോ നിമിഷവും അവർ ആസ്വദിക്കുകയും ചെയ്തിരുന്നു.

സാമൂഹ്യപ്രവർത്തനം എന്ന വാക്കിന്റെ ശരിയായ അർത്ഥം മനസ്സിലാക്കാൻ അമ്മാമ്മ എന്നെ വള

*(ശേഷം പേജ് 5-ൽ)*

എഡിറ്റോറിയൽ

*രോഗത്തിന്റെ ആശ്വാസരഹിതമായ ഇരുട്ടിൽ*
*ഇന്ന് ഞാൻ നിന്നെ മനസ്സിൽ കാണുന്നു.*
*മൂകയായി, മിഴി പൂട്ടി, പിറവിയുടെ ബീജമേന്തി*
*ആദികാളിമയിൽ നീ ഇരിക്കുന്നു.*

*- രവീന്ദ്രനാഥ ടാഗോർ*

# സാന്ത്വനപരിചരണത്തിന്റെ സൗന്ദര്യശാസ്ത്രം

**സാന്ത്വന** പരിചരണത്തിൽ എഴുത്തുകാരനായ ഒരു സന്നദ്ധപ്രവർത്തകനെന്ന നിലയിലുള്ള അനുഭവമാണ് ഈ കുറിപ്പിന്നാധാരം. അർബുദരോഗത്താൽ കഠിന വേദനയനുഭവിക്കുന്ന ഒരാളിന് കാരുണ്യത്തിലൂന്നുന്ന സാന്ത്വനപരിചരണം അവരുടെ ശാരീരികവും മാനസികവുമായ പ്രയാസങ്ങളെ ലഘൂകരിക്കാൻ സഹായകമാണ്. അവരുടെ ആത്മീയമായ പ്രതിസന്ധികളെ അഭിമുഖീകരിക്കാൻ സമൂഹം മിക്കപ്പോഴും ആശ്രയിക്കുന്നത് ദൈവങ്ങളുടെയോ മതങ്ങളുടെയൊ ആത്മീയസാരങ്ങളെയാണ്. ആത്മീയത മതങ്ങളും ദൈവങ്ങളുമായി ബന്ധപ്പെട്ടതാണെന്ന ധാരണയിലാണ് നാം.

സൂര്യാസ്തമനവും സൂര്യോദയവും മഴവില്ലും മഴമേഘങ്ങളും ഒഴുകുന്ന പുഴയും ശാന്തമായ കടലും പച്ചയണിഞ്ഞ വൻവൃക്ഷവും കാണുമ്പോഴുണ്ടാകുന്ന ആത്മീയതയെപ്പറ്റി നാം ഏറെയൊന്നും ആലോചിച്ചിട്ടില്ല. പുഞ്ചിരിക്കുന്ന ഒരു കുഞ്ഞിന്റെ ചിത്രമോ, മനോഹരമായ പ്രകൃതി ദൃശ്യത്തിന്റെ ചിത്രമോ, ഭംഗിയുള്ള ശില്പമോ വേദനിക്കുന്ന ഒരാളിൽ എന്തെങ്കിലും ആത്മീയമായ മാറ്റമുണ്ടാക്കുമോ? സംഗീതത്തിന്റെ വ്യത്യസ്ത ഭാവങ്ങൾ വേദനിക്കുന്നവനിൽ ഏത് രീതിയിലാണ് പ്രവർത്തിയ്ക്കുന്നത്? ഇങ്ങിനെ മനുഷ്യനിലെ മൂന്നാം ഡൈമൻഷനിൽ നിന്നുദിക്കുന്ന അതീന്ദ്രിയമായ ഭാവങ്ങൾക്ക് മനുഷ്യന്റെ വേദനയെ സാന്ത്വനപ്പെടുത്താനാവുമോ?

മനുഷ്യനെ ഒരു പശുവിൽ നിന്നും ആനയിൽ നിന്നുമൊക്കെ വ്യത്യസ്തനാക്കുന്നത് സൂര്യാസ്തമനവും മഴവില്ലും സംഗീതവും ശില്പവും കഥയും കവിതയും ദൈവത്തിന്റെയോ മതത്തിന്റെയോ കലർപ്പില്ലാത്ത ആത്മീയതയിൽ അനുഭവിക്കാൻ കഴിയുന്നുയെന്നതുകൊണ്ടാണ്. സാന്ത്വനപരിചരണം മരുന്നും, നല്ലവാക്കും, സൗമ്യമായ പുഞ്ചിരിയും, കാരുണ്യമൂറുന്ന നോട്ടവും, അപരത്വം തിരിച്ചറിയുന്ന സ്പർശവും ആണെന്നതിൽ സംശയമില്ല. ഇവയെയെല്ലാം പലതലങ്ങളിലായി ഉൾക്കൊള്ളുന്ന സംഗീതത്തിനും ചിത്രകലയ്ക്കും കഥയ്ക്കും ശില്പത്തിനും സിനിമയ്ക്കും സാന്ത്വനപരിചരണത്തിൽ അർത്ഥതലങ്ങളുണ്ട്. സാന്ത്വനപരിചരണത്തിൽ ഏർപ്പെടുന്ന ഡോക്ടർമാരും നഴ്സുമാരും സന്നദ്ധപ്രവർത്തകരും ഇവയിലൂടെ കടന്നുപോകുമ്പോൾ, വേദനിക്കുന്നയാളിന്, വ്യത്യസ്തമായ ആത്മീയ അനുഭവം കൂടി ഒരുക്കുവാൻ സാധിച്ചേയ്ക്കും.

സാന്ത്വനപരിചരണ കേന്ദ്രത്തിലെ ഔട്ട് പേഷ്യന്റ് യൂണിറ്റിലും ഇൻപേഷ്യന്റ് യൂണിറ്റിലും അവിടുത്തെ ഓരോ മുറികളിലും വേദനിക്കുന്ന മനുഷ്യരും അവരുടെ ബന്ധുക്കളും വന്നുപോകുന്ന പൊതു ഇടങ്ങളിലും ഭംഗിയുള്ള പൂക്കളും മനോഹരമായ ചിത്രങ്ങളും ശില്പങ്ങളും ഒഴുകുന്ന സംഗീതവും ഒരുക്കുന്നത് വേദന ശമിപ്പിക്കാനും സംഘർഷം ലഘൂകരിക്കാനും ആത്മീയതയുടെ വേറിട്ടൊരനുഭവം ഉണർത്താനും സഹായിക്കില്ലേ?

പക്ഷേ, അതിന് സന്നദ്ധപ്രവർത്തകരും ഡോക്ടർമാരും നഴ്സുമാരും ജീവനക്കാരും സംഗീതത്തിലും ചിത്രകലയിലും പൂക്കളിലും മഴവില്ലിലും സൂര്യോദയത്തിലും സൂര്യാസ്തമനത്തിലും തളിരിലയിലും ആത്മീയതയുടെ ഭാവങ്ങൾ സ്ഫുരിക്കുന്നുണ്ടെന്ന അറിവുള്ളവരാകുക കൂടി വേണം.

**കെ. അരവിന്ദാക്ഷൻ**


PAIN AND PALLIATIVE CARE SOCIETY

# Reaching Out

Quarterly issue of Pain and Palliative Care Society, Thrissur
VOLUME - 12 ● ISSUE-1 ● MARCH-2016

Quarterly issue of Pain and Palliative Care Society, Thrissur
Reg. No. 591/97
Old District Hospital Building, Thrissur - 680 001
Redg. Off : "Manjith", Chembukkavu, Thrissur-680 020
Ph : 0487 2322128
www.painandpalliativecarethrissur.org
email : ppcs.thrissur@gmail.com

Published : Pain and Palliative Care Society, Thrissur
Managing Editor : Secretary, PPCS
Layout & Printed at : iMAC Creations, Thrissur
Pencil Drawings : Vincent Van Gogh

മുഖചിത്രം : കെ. അരവിന്ദാക്ഷൻ മൊഴിമാറ്റിയ തിച്ച് നാത്ഹാന്റെ പഴയപാത വെളുത്തമേഘങ്ങൾ എന്ന ഗ്രന്ഥത്തിന്റെ മൂന്നാം പുസ്തകമായ 'ഗോതമബുദ്ധന്റെ പരിനിർമ്മാണം'.
രൂപകൽപ്പന : വിനയ് ലാൽ



*This issue sponsored by*
**SRI VARI AUTO MOTIVES**
KARUNAKARAN NAMBIAR ROAD
THRISSUR

# ഡോ. ഇ. ദിവാകരനുമായി
# സംവാദം VI

**സാന്ത്വന പരിചരണത്തിന് കേരളത്തിലെ പൊതു ജീവിതത്തിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്താനായി?**

സാന്ത്വന പരിചരണം ദീർഘകാല രോഗികളുടെയും മാറാരോഗികളുടെയും ജീവിതത്തിൽ വരുത്തിത്തീർത്ത ഗുണപരമായ മാറ്റം സുവിദിതമാണല്ലോ. ഒരുപക്ഷെ, സാന്ത്വന പരിചരണം ലക്ഷ്യമിട്ടിട്ടുള്ള രോഗികളിലുണ്ടാക്കിയ മാറ്റത്തേക്കാൾ പ്രസക്തമായ മാറ്റങ്ങൾ അത് കേരളത്തിലെ പൊതുജീവിതത്തിലുണ്ടാക്കി എന്നതാണ് വാസ്തവം.

പൊതുജനാരോഗ്യം എന്ന ആശയം കേരളത്തിൽ പ്രയോഗത്തിലായിട്ടുണ്ടെങ്കിലും ആരോഗ്യപ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ പങ്കാളിത്തം താരതമ്യേന കുറവായിരുന്നു. ആശുപത്രികൾ കേന്ദ്രീകരിച്ച്, ഡോക്ടർമാരും, നഴ്സുമാരും മറ്റുദ്യോഗസ്ഥരും ചേർന്ന് നടപ്പാക്കിയിരുന്ന സ്ഥാപനവത്ക്കരിക്കപ്പെട്ട ചികിത്സ വ്യവസ്ഥയിൽ സാധാരണക്കാർ കേവലം കാഴ്ചക്കാർ മാത്രമായിരുന്നു. പാലിയേറ്റീവ് പരിചരണത്തിന്റെ പ്രചാരത്തോടെ ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങളിൽ സാധാരണക്കാരനും ചിലതൊക്കെ ചെയ്യാനുണ്ടെന്നു വന്നു. ദീർഘകാല രോഗികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കേവലം ശാരീരികം മാത്രമല്ല, സാമൂഹ്യമായ ഒരു തലം കൂടി അവരുടെ പ്രശ്നത്തിനുണ്ടെന്ന തിരിച്ചറിവുണ്ടായി. അത് പരിഹരിക്കാൻ കൂട്ടായ പരിശ്രമത്തിലൂടെ സാധാരണക്കാർക്ക് സാധിക്കുമെന്ന് വന്നപ്പോൾ ആരോഗ്യപരിപാലനം കൂടുതൽ ജനകീയമായി. ആരോഗ്യമേഖലയിൽ സർക്കാർ അനുവർത്തിച്ചുപോരുന്ന പൊതുജനാരോഗ്യ സമിപനത്തിന് ഈ ജനകീയടിത്തറ ഏറെ ഫലം ചെയ്യും.

കേരളത്തിലെ പൊതുസമൂഹത്തിന്റെ മൂല്യബോധത്തിൽ ഇത്രയധികം സ്വാധീനം ചെലുത്തിയ മറ്റൊരു പ്രസ്ഥാനം കേരളത്തിൽ സമീപകാലത്തുണ്ടായിട്ടില്ല. compassion അഥവാ സഹാനുഭൂതി എന്നത് ആശയമണ്ഡലത്തിൽ മാത്രം വ്യാപരിക്കുന്ന ഒരു മൂല്യമായി മാറിയിരുന്നു, അങ്ങേയറ്റം വ്യക്തിതലത്തിൽ പ്രകാശനം കിട്ടുമായിരുന്ന ഒന്നുമാത്രം. എന്നാൽ പാലിയേറ്റീവ് കെയറിന്റെ പ്രചാരത്തിലൂടെ compasion എന്നത് സമൂഹം മൊത്തം പങ്കുവെയ്ക്കുന്ന, നിത്യജീവിത്തിൽ പ്രയോഗിക്കപ്പെടുന്ന ഒരു മൂലൃമായി മാറി. ഒഴിവാക്കാനാവുന്ന ദുരിതത്തിൽ ഒരുവനെ ഇട്ടേച്ചുപോരുന്നത് ഗുരുതരമായ മനുഷ്യാവകാശ ധ്വംസനമാണ് എന്ന് മനുഷ്യാവകാശ പ്രസ്ഥാനം നടത്തിയ ആഹ്വാനം കേൾക്കുന്നതിനു മുമ്പുതന്നെ കേരളീയ സമൂഹം അപരന്റെ ദുരിതം പരിഹരിക്കുക എന്നത് സ്വന്തം ഉത്തരവാദിത്തമായി ഏറ്റെടുത്തുകഴിഞ്ഞിരുന്നു. അതൊരു ജീവകാരുണ്യം എന്ന നിലയിലല്ല. ദുരിതത്തിൽപ്പെട്ട ഒരു സഹജീവിയെ അതിൽ നിന്നും മോചിപ്പിക്കാനുള്ള ധാർമികമായ ബാദ്ധ്യത തനിക്കുണ്ടെന്ന വെളിപാടിലാണത്. സ്വാസ്ഥ്യത്തോടെ ജീവിക്കുക എന്ന ഏതൊരാളുടെയും അവകാശത്തെ നേടിയെടുക്കലാണത്. അനുകമ്പ എന്ന വികാരം വൈയക്തികതലത്തിൽ നിന്നും വികസിച്ച് greater common good എന്ന വിശാലമായ തലത്തിലേയ്ക്ക് എത്തിയതോടെ ആ പ്രവർത്തനങ്ങൾക്ക് ഒരു രാഷ്ട്രീയമാനവും കൈവന്നു.

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ compassionate communities എന്ന ആശയത്തിലേയ്ക്ക് വികസിക്കുന്നത് പാശ്ചാത്യനാടുകളിൽ കാണുകയുണ്ടായി. കേരളത്തിലും ഇപ്രകാരം പാലിയേറ്റീവ് കെയർ ഉണ്ടാക്കിയെടുത്ത സഹാനുഭൂതിയും നന്മയും സമൂഹത്തിന്റെ മറ്റു മേഖലകളിലേയ്ക്കും വ്യാപിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഏറെ പ്രകീർത്തിക്കപ്പെട്ട compassionate Kozhikode അതിന്റെ ഊർജ്ജം നേടിയെടുത്തത് കോഴിക്കോട് ജീവിതത്തിന്റെ ഭാഗമായി മാറിയ പാലിയേറ്റീവ് കെയർ പ്രസ്ഥാനത്തിൽ നിന്നു കൂടിയാണ്. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ ആദ്യനാളുകളിൽ കേരളത്തിലെ ഒരു വിഭാഗം ഇടതുപക്ഷ ബുദ്ധിജീവികൾ ഇത്തരം പ്രവർത്തനങ്ങളെ അല്പം സംശയത്തോടെയും അതിലേറെ പുച്ഛത്തോടെയുമാണ് നോക്കിയിരുന്നത്. എന്നാൽ കാലക്രമേണ പാലിയേറ്റീവ് കെയറിന്റെ രാഷ്ട്രീയ ഉള്ളടക്കം തിരിച്ചറിയുകയും, അതിന് കേരള സമൂഹത്തിലുണ്ടായ നിർണ്ണായക സ്വാധീനം മനസ്സിലാക്കുകയും ചെയ്തതോടെ കേരളത്തിലെ ഇട

തുപക്ഷരും ഈ രംഗത്തേക്ക് വരാൻ തുടങ്ങി. ഇന്ന് മാർക്സിസ്റ്റ് പാർട്ടി വളരെ ഗൗരവമായി തന്നെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളിൽ സജീവമായിരിക്കുന്നു.

ദീർഘകാല രോഗികൾ അനുഭവിക്കുന്ന ദുരിതത്തിലേക്കും, സമൂഹമധ്യത്തിൽ അവരനുഭവിക്കുന്ന നീതിരാഹിത്യത്തിലേക്കും അധികാരികളുടെ ശ്രദ്ധ കൊണ്ടുവരാൻ പാലിയേറ്റീവ് കെയർ പ്രവർത്തകരുടെ advocacy role ന് കഴിഞ്ഞിട്ടുണ്ട്. കാൻസർ രോഗികൾക്കും വൃക്കരോഗികൾക്കും സർക്കാർ അനുവദിക്കുന്ന ധനസഹായം മുതൽ ചക്രകസേര സൗഹൃദമായ നടപ്പാതകൾ നിർമ്മിക്കുന്നതുവരെ ഇത്തരം രോഗികളുടെ നിരവധി അവകാശങ്ങൾ നേടിയെടുക്കാൻ സാന്ത്വന പരിചരണ പ്രവർത്തനങ്ങൾക്ക് സാധിച്ചിട്ടുണ്ട്. പാലിയേറ്റീവ് കെയർ രംഗത്ത് പ്രവർത്തിച്ചിരുന്ന നിരവധി പേരുടെ സമ്മർദ്ദവും ഡോ. എം.ആർ. രാജഗോപാൽ, ഡോ. സുരേഷ് കുമാർ എന്നിവരുടെ അധികാര കേന്ദ്രങ്ങളിലെ ഇടപെടലുമാണ് 2008ൽ പാലിയേറ്റീവ് കെയർ പോളിസി രൂപീകരിക്കുന്നതിലേക്ക് നയിച്ചത്. സർക്കാർ പാലിയേറ്റീവ് കെയർ നയം നടപ്പാക്കിയതോടെ പാലിയേറ്റീവ് കെയറിന് അഭൂതപൂർവ്വമായ വ്യാപനമാണ് ഉണ്ടായത്.

വളർന്നു വരുന്ന തലമുറയ്ക്ക് മാനവികതയുടെ ഉദാത്തമായ മാതൃക കാട്ടാനായി എന്നതാണ് ശ്രദ്ധേയമായ മറ്റൊരു കാര്യം. സ്കൂളുകളിലേയും കോളേജുകളിലേയും വിദ്യാർത്ഥികളെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്ന students initiative in palliative care പല സ്ഥലങ്ങളിലും സജീവമാണ്. ദുരിതമനുഭവിക്കുന്നവരോട് കരുണാദ്രമായി പെരുമാറാനും, അവരുടെ പ്രശ്നങ്ങളിൽ ക്രിയാത്മകമായി ഇടപെട്ട് പരിഹാരം കാണാനും അവർക്ക് പരിശീലനം നല്കുന്നുണ്ട്. അന്യന്റെ അന്തസ്സിനെ മാനിക്കാനും, നിസ്വാർത്ഥ സേവനം നല്കുന്ന ആനന്ദം അനുഭവിക്കാനുള്ള അവസരങ്ങൾ ഉണ്ടാക്കിയും പുതുതലമുറയിൽ പുതിയൊരു മാനവീകത വളർത്തിയെടുക്കാൻ ഈ ദിശയിലുള്ള പ്രവർത്തനങ്ങൾക്കായിട്ടുണ്ട്. വിഭാഗീയതയുടെയും, വിദ്വേഷത്തിന്റെയും കലുഷമായ ഇന്നത്തെ സാമൂഹ്യാന്തരീക്ഷത്തിൽ കുട്ടികൾക്ക് വളരുവാൻ ഇത്തരമൊരന്തരീക്ഷം നല്കാനായത് പാലിയേറ്റീവ് കെയറിന്റെ വലിയൊരു നേട്ടം തന്നെയാണ്.

കേരളസമൂഹത്തിൽ പാലിയേറ്റീവ് കെയർ ഒരുപാട് നന്മകൾ ഉണ്ടാക്കിയിട്ടുണ്ട്. തീർച്ചയായും അത് കേരള സമൂഹത്തിന്റെ social capital വർദ്ധിപ്പിക്കുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്. അതിന്റെ പ്രസക്തിയും വ്യാപ്തിയും മനസ്സിലാക്കുന്നതിന് കൂടുതൽ പഠനഗവേഷണങ്ങൾ ആവശ്യമായിരിക്കുന്നു. ■

---

*(പേജ് 2-ൽ നിന്നും തുടർച്ച...)*

രെയധികം സഹായിച്ചിട്ടുണ്ട്. പലപ്പോഴും ഒരു സാമൂഹ്യ പ്രവർത്തകയ്ക്ക് കേവലം അനുകമ്പയേക്കാൾ ആവശ്യമായത് സഹാനുഭൂതിയാണെന്നത് എനിക്ക് അമ്മാമ്മയിലൂടെ അറിയാൻ കഴിഞ്ഞു. ആശ്രയയിലും ദേവകി വാര്യർ ട്രസ്റ്റിലും ശ്രദ്ധയിലും ഒക്കെ അവർ ജോലി ചെയ്തത് മെച്ചപ്പെട്ട ചികിത്സാസൗകര്യവും ജീവിത സാഹചര്യങ്ങളുമൊക്കെ ഏതൊരാളിന്റെയും അടിസ്ഥാന അവകാശമാണെന്ന തിരിച്ചറിവോടുകൂടിയാണ്. ഇന്ന്, ഡവലപ്മെന്റ് സെക്ടറിൽ ഗവേഷണം ചെയ്യുമ്പോൾ ഈ തിരിച്ചറിവ് എപ്പോഴും എന്നിലുണ്ടായിരിക്കാൻ ഞാൻ ശ്രമിക്കാറുണ്ട്. well being എന്നത് ഒരിക്കലും ഒരു ഔദാര്യമല്ല മറിച്ച് അതൊരവകാശമാണെന്ന തിരിച്ചറിവ്!

അവർ ഒരിക്കലും തനിക്ക് ഒരു മഹത്പരിവേഷം കിട്ടാൻ ആഗ്രഹിച്ചിരുന്നില്ല. അവർ എന്നും ഒരു സാധാരണക്കാരിയായിരുന്നു. സന്തോഷവും സങ്കടവും ദേഷ്യവുമൊക്കെ ഉണ്ടായിരുന്ന ഒരു സാധാരണക്കാരി. അവരെ അങ്ങനെതന്നെ ഓർക്കാൻ ഞാനാഗ്രഹിക്കുന്നു. കാരണം, അതെന്നെ അമാനുഷികതയിലും ദൈവികതയിലും വിശ്വസിക്കുന്നതിനു പകരം മനുഷ്യരിലും മനുഷ്യത്വത്തിലും വിശ്വസിക്കാൻ പ്രേരിപ്പിക്കുന്നു... She was an ordinary woman who led an extraordinary life......!

ജീവിതത്തോടുള്ള അസാമാന്യമായ അഭിനിവേശമാണ് അമ്മാമ്മയെ എന്നും മുന്നോട്ടുകൊണ്ടുപോയിരുന്നത്. ആ ജീവിതം കാണിച്ചു തന്ന കാര്യങ്ങൾ മനസിൽ സൂക്ഷിക്കുകയും അതിലൂടെ മുന്നോട്ടുപോവുകയും ചെയ്യുന്നതുവഴി അവർക്ക് ഇനിയും നമ്മൾ പലരിലൂടെയും ജീവിക്കാനാകും. ◆



An earning husband attending to all the needs of his wife and children; A wife even if she is earning, looking after home and her family - This is the picture of an average Indian household. When a chronic illness strikes, it's like their world comes crashing down. Until then they never imagined that the small bean shaped organs when stopped functioning, could cause such a devastating effect on their lives. The moment a renal patient or his caregiver enters our pain clinic OP , we catch that lost look on the face.

The answers recorded showed that : All of them felt desperate and helpless ; 68 % had to depend on the community to meet daily or medical expenses as most of them had no income now and had to sell off their property ; 28 % said that they had relationship problems within the family and social isolation. A couple of them said they suffered from depression and thoughts of suicide for which they had to seek professional help . Almost 96% said they didn't have anyone to share their feelings with.

# BURDEN ON THE WIVES OF RENAL PATIENTS

(Paper presented at International Conference of Indian Association of Palliative Care, Pune held on 12th Feb 2016 - **Jyothi Jayan Warrier**)

The never - ending struggle of the patient affects the caregiver and dependent family. Upto 3 dialysis a week, for years together; lifestyle restrictions post a kidney transplant ; health complications; frequent hospitalization ; expensive treatment - impose constant stress , uncertainty and anxiety on them. The study I conducted , received whole hearted support from everyone in our Society and co operation from our patients and their caregivers.

It focused on care givers who are wives of male patients. There is a sudden shift of responsibility of running the household onto the wives . In addition to that they have to cater to the very demanding needs of their husbands . All the while they themselves undergo emotional struggle of adjustments with no one actually to share this with .

Face to face interview of the caregivers based on a questionnaire schedule covered the following key themes:

Daily chores, financial burden, Interper son al relationships - (with patient, family and neigh bours), emotional and psychological issues of the wives, and coping strategies role of religious beliefs.

*How does our Palliative care clinic intervene?*

**LISTEN**... our volunteers offer comforting presence and occasional counseling when they share the distressing experience .

- **SUPPORT GROUP MEETINGS**: Support Group Meetings provide a platform to connect with other Kidney patients and relate to their struggle . This is a unique support which sometimes help them to gain confidence to overcome some practical difficulties .
- **Volunteer Home Care Visits** : The home visits give them a sense of belonging and they feel cared for .
- **50% of the medicines are given free of cost** : All the renal patients registered with our Society receive 50% of the medicines prescribed by their Doctors free of charge cutting down on their financial burden to a great extent .
- **Information Help desk Assistance on Mondays :** The volunteers at the helpdesk provide information on social security measures such as pension for dialysis patients, insurance schemes. Our volunteers sit with them , help them fill up forms, direct them to the respective

Govt departments and offices and do the follow up.

- **Bringing the community together :**
  - We conduct awareness classes and workshops for students and small community groups .
  - Mobilising funds from the community for all the support offered .

Lori Hartel , a renal patient herself is the founder of Renal Support Group Network in America . She has undergone dialysis for 12 years and 4 kidney transplants. In her book "Chronically Happy "she states that **"An illness is too demanding when there is no HOPE".** These are situations where one cannot find or provide solutions . But no one can sit crying either. We have found that , we **can make a difference** by **engaging** with the community, patients and their families, doctors and volunteers .

The mere act of listening when they vent their feelings , provides them support and validation which in turn

- helps them to draw inner strength
- to examine the problems from a much clearer perspective
- to restore the equilibrium

Our support **empowers** them to come to terms with reality , gather strength and face life and move on.

**Acknowledgment – Dr E Divakaran** for his guidance and support.

●

# Death & Beyond

▸ ഗൗരി ജെ. വാര്യർ



*There stood a man*
*encaptured in stillness.*
*As time stopped around him*
*the world turned grey.*
*His soul couldn't make it*
*the pain , he couldn't take it .*
*He felt weak and tired*
*as his heart burned in fire .*
*He heard loud wailing*
*His mother was so caring.*
*His eyes filled with tears*
*as he felt , came true , his fears .*
*The river carried the ashes*
*His family kept their faces -*
*hidden behind sarees and veils*
*tears flowing in forbidden trails*
*What death is ...he never knew .*
*Because death , never he thought was true .*
*But when he saw himself through*
*the truth sank deep into the mind.*
*And as the marks faded away*
*he stopped feeling and walked away..*



# അയനം

▸ അനാമിക

**ഉഷസ്സായി.** സന്ധ്യയായി. മൂന്നാം നാളും അസ്തമിയ്ക്കാറായി. ഇരുൾ പരക്കാറായി. സാന്ത്വനചികിത്സാകേന്ദ്രത്തിലെ കിടത്തിച്ചികിത്സാവിഭാഗത്തിൽ, ഒമ്പതാം നമ്പർ കട്ടിലിലാണ് കഴിഞ്ഞ മൂന്നു ദിവസങ്ങളായി ഏലിക്കുട്ടി അമ്മാമ്മ. ഇന്ന് പ്രഭാതത്തിലോ മദ്ധ്യാഹ്നത്തിലോ അവർ വെള്ളംപോലും ഇറക്കിയിട്ടില്ല. വൈകിട്ടത്തെ വാർഡ് ചുമതലയുള്ള സിസ്റ്റർ വന്നു നോക്കുമ്പോൾ അവർ മയക്കത്തിലാണ്. മുമ്പൊക്കെ അവരെ ഉണർത്താനായി കുട്ടി സിസ്റ്റർ തമാശ പറയാറുണ്ട്: ശ്ശോ, എന്തോര് ചന്താണ് ഈ അമ്മാമേനെ കാണാൻ. മാലാഖേരന്തി. എവടെ പൊന്നും ചിറക്? ഇന്നത്തെ തമാശ അവരെ ഉണർത്തിയില്ല. വേരിളകി വാടിപ്പോയ ചെടിപോലെ കുഴഞ്ഞ് അമ്മാമ മെത്തയുടെ ഓരത്ത് ചെരിഞ്ഞുചുരുണ്ടു കിടന്നു.

മയക്കത്തിൽ നാലുവയസ്സുകാരി ഏലിക്കുട്ടി അപ്പന്റെ മടിയിലിരുന്ന് ഉണ്ടപ്പൊരി തിന്നുകയായിരുന്നു. പണി കഴിഞ്ഞുവന്ന അപ്പൻ വാസന സോപ്പ് തേച്ചുകുളിച്ച്, അലക്കിയുണക്കിയ, വെയിലിന്റെ മണമുള്ള മുണ്ടുടുത്തിരുന്നു. സ്നേഹം കൂടുമ്പോൾ അപ്പൻ അവളെ എലിക്കുട്ടീ ന്ന് വിളിയ്ക്കും. ഒളിച്ചുകളിയ്ക്കുമ്പോൾ പൂച്ച എലിക്കുട്ടീനെ പിടിച്ചേ, മ്യാവൂന്ന് പറഞ്ഞ് പൊട്ടിച്ചിരിയ്ക്കും. കൊന്തയെത്തിച്ച് കുരിശുവരയ്ക്കുമ്പോഴേയ്ക്കും ഏലിക്കുട്ടി ഉറങ്ങിത്തുടങ്ങിയിരുന്നു. അമ്മച്ചിയുടെ നന്മ നിറഞ്ഞ മറിയമേ.... പ്രാർത്ഥനയുടെ ഈണം അവളെ താരാട്ടിക്കൊണ്ടിരുന്നു. അവർക്ക് ചുറ്റും മുറി നിറയെ തുമ്പികൾ തമ്മിൽത്തമ്മിൽ ചിറകുകൾ കോർത്തുവെച്ച് വട്ടം വട്ടം നൃത്തം ചെയ്തുകൊണ്ടിരുന്നു.


വിടരുന്ന ലില്ലിപ്പൂക്കളുടെയും കുന്തിരിപ്പുകയുടേയും പരിമളം പരന്നുകൊണ്ടിരിക്കെ, അകലെനിന്നുള്ള പള്ളിമണിയുടേതുപോലുള്ള തെളിഞ്ഞ നാദം അമ്മാമ്മ കേട്ടു. ഏലിക്കുട്ടീ, നമുക്ക് പോകണ്ടേ? സമയമായി. നിറഞ്ഞു കവിഞ്ഞ പാൽ പ്രകാശത്തിൽ കണ്ണഞ്ചിച്ച് അമ്മാമ്മ അത്ഭുതം കൂറി. ഈശോ മിശിഹായ തമ്പുരാനേ, ശരിയ്ക്കും മാലാഖ.

പൂവ്വാം, പൂവ്വാം, അമ്മാമ്മ തയ്യാറായി കൂട്ടിരിപ്പിനായി അനാഥാലയത്തിൽ നിന്ന് കൂടെ വന്ന കമലത്തിനോട് പറയണോ എന്ന് ഒരു നിമിഷംതമ്പിട്ടു. വേണ്ടെന്നു വെച്ചു. മാലാകേ, ഒരു മിൻറ്റ്. ആത്മത്തിനു വേണ്ടുന്ന അന്ത്യകൂദാശകളൊക്കെ അവർ കൈകൊണ്ടതാണല്ലോ എന്ന് മാലാഖ സന്ദേഹിയാകെ, അമ്മാമ്മ പറഞ്ഞു: ഈ വഴ്യ്യൊന്നും ഇനി ഇല്ലല്ലോ. ഒന്ന് നോക്കിക്കാണട്ടെ. പെണ്ണുങ്ങളുടെ പേറും പിറപ്പും നൊമ്പരവുമൊക്കെ മാലാഖയ്ക്കും അറിയാത്തതല്ലൊ. അമമാമ്മയുടെ മനസ്സുവായിച്ചിട്ടെന്ന പോലെ മാലാഖ സ്വർണ്ണച്ചിറകുകൾ വീശി ഗൗരവത്തോടെ അരുളിച്ചെയ്തു; ഞാൻ പെണ്ണുമല്ല, ആണുമല്ല. ഞാൻ മാലാഖയാണ്.

മാലാഖ മറുത്തെന്തെങ്കിലും ഉരിയാടും മുമ്പ് അമ്മാമ്മയുടെ ആത്മാവ് ഒരു കുടന്ന തിളയ്ക്കുന്ന വെളിച്ചമായി മുറിയ്ക്കു പുറത്തുകടന്നു. അതല്ല മാലാകേ, ഞാനെന്റെ ഈനാശൂനേം തിമോത്തിനേം ചുമ്മാരേം കുഞ്ഞാറത്തിനേം പെറ്റത് ഈ അഅസ്പത്രീലാ. അന്ന്വ്ടെ ഞെക്ക്യാ പൊന്തേം താഴേം ചെയ്ത് ആള്വോളെ മേപ്പട്ടയ്ക്കം കീപ്പട്ടയ്ക്കും കൊണ്ട്ര്ണ മുറ്യൊന്നൂല്ല. വളഞ്ഞ മരക്കോണി നടന്ന് കേറീട്ടേന്നെ വേണം പേറ്റുമുറിയിലെത്താൻ. കടിഞ്ഞൂപ്പേറിന് നോവും തുടങ്ങി, മുന്നീർക്കോടോം പൊട്ടി ഞാൻ കേറീത് ഇപ്പളും ഓർമ്മിണ്ട്. ഒരു വിരിപ്പിന്റെ രണ്ടറ്റത്തും ഒലക്ക പോൽത്തെ വട്യോള് കെട്ടി, ആ മഞ്ചലിലാണ് പേറ് കഴിഞ്ഞാ താഴ്ത്തയ്ക്ക് കൊണ്ട്രാ. ഒരു മൂല ചൂണ്ടിക്കാണിച്ച് അമ്മാമ്മ പറഞ്ഞു. ദേ ഇവ്ട്ര്ന്നാണ് എന്റെ ഈനാശുച്ചെക്കന് ആദ്യമായിട്ട് മൊലപ്പാല് കൊടുത്തത്. കണ്ണ് നല്ലോണം തൊറന്ന് ചെക്കൻ എന്റെ മൊത്തക്ക് നോക്കീത് ഇപ്പൊപ്പോലെ തോന്ന്ണ്ട്. ഒരു നൊടിയിട അമ്മാമ്മ വിഷാദവതിയായി നെടുവീർപ്പിട്ടു. എവട്യായാലും വല്ലൊണല്ലാണ്ട്, നല്ലോണം

തന്നെ അവര് കഴ്യട്ടെ. പൊടുന്നനെ ആത്മാവ് പുറത്തേയ്ക്ക് പറന്നത് മാലാഖ കൗതുകത്തോടെ കണ്ടു. മുറ്റം കടന്ന് പാതയുടെ മുകളിലെത്തിയതും അമ്മാമ്മ അന്തം വിട്ടു. ദെന്താണ്ടപ്പാ, പൂരാ അതോ പെര്ന്നാളാ! ആളും പാളും ഒച്ചേം വെളിച്ചോം. തലങ്ങും വിലങ്ങും പായുന്ന വാഹനങ്ങളുടെ കമ്പനം. തമ്മിലിടിയ്ക്കാതെ ആളുകൾക്ക് നടക്കാൻ കഴിയുന്നില്ല. വായ തുറന്നു കിടക്കുന്ന ഓടയും പൊട്ടിക്കിടയ്ക്കുന്ന സിമെന്റ് പലകകളും കണ്ട് സൂക്ഷിയ്ക്കണേ എന്ന് പറയാനോങ്ങിയതും അമ്മാമ്മ അബദ്ധം മനസ്സിലാക്കി. മാലാഖയ്ക്കും ആത്മാവിനും മണ്ണിൽ ചവിട്ടേണ്ടല്ലോ. ഇക്കുറി പുലിക്കളി ആകുമ്പേഴേയ്ക്കും ഇതൊക്കെ നന്നാക്കുമായിരിയ്ക്കും.

റോഡിനപ്പുറത്തുള്ള ആശുപത്രിയിലേയ്ക്ക് കടക്കുമ്പോൾ അമ്മാമ്മ വിശദീകരിച്ചു: അതേയ് എന്റെ മക്കക്ക് പാലു കൊടുത്ത മൊല മുറിച്ചുമാറ്റീത് ഈ ആസ്പത്രീലാ. ആണ് ഡോക്ടറായതുകൊണ്ട് ആദ്യം ഞാൻ സമ്മതിച്ചില്ല. ഇവ്ടല്ലെങ്കി പിന്നെ കോഴിക്കോട്ടെയ്ക്ക് പോവണ്ടി വരുംന്ന് പറഞ്ഞു. അത് വല്യ ചെലവല്ലെ. ആസ്പത്രികളുടെ എണ്ണമെടുക്കുകയാണോ എന്ന് ചോദിച്ച് മാലാഖ അമ്മാമ്മയേയും കൊണ്ട് മേലോട്ട് പറന്നുതുടങ്ങി. രാജാവിന്റെ പ്രതിമയേക്കാൾ ഉയരത്തിൽപ്പോയി പലപല ആസ്പത്രികൾ കാണിച്ചു. ഈശോയേ, ഒന്ന്, രണ്ട്... പതിമൂന്ന്. അടുത്തടുത്ത്. ഇത്രേം ചെറിയ സ്ഥലത്ത്! എല്ലാ ആസ്പത്രികളിലും നിറയെ കരയുകയും ഞരങ്ങുകയും മൂളുകയും ചെയ്യുന്ന ബോധമുള്ളവരും ഇല്ലാത്തവരുമായ രോഗികൾ. കുറെയൊക്കെ സ്വയം കൃതാർത്ഥനം തന്നെ. അമ്മാമ്മയ്ക്ക് അർത്ഥം മനസ്സിലായില്ലെങ്കിലും ഇത് പറയുമ്പോൾ മാലാഖയുടെ ഭംഗിയുള്ള കണ്ണുകൾ നനഞ്ഞിരുന്നുവെന്ന് തോന്നി. ഈ ആസ്പത്രികളിലൊന്നും സ്വന്തം മക്കളില്ലെന്ന് അമ്മാമ്മ ഉറപ്പാക്കി. എവടയ്യായാലും വല്ലോണല്ലാണ്ട്, നല്ലോണം തന്നെ അവര് കഴ്യട്ടെ.



അമ്പമ്പോ! ലൂർദ്ദ് പള്ളിയേക്കാളും പുത്തൻപള്ളിയേക്കാളും ഉയരമുള്ള എടുപ്പുകൾ ചുറ്റുവട്ടത്തും. തീപ്പെട്ടി കൂടുകൾ അടുക്കടുക്കായി കുത്തനെ കുത്തിവെച്ചപോലെ. ഉയർന്നുയർന്ന് ആകാശം തൊടാൻ ആയുന്നവ. മണ്ണിൽ മലർന്നുകിടന്ന് നോക്കണം, ഉയരം കാണാൻ. പുതുമോടി വീടുകളാണത്രെ. അമ്മാമ്മ ഓർത്തത് ദൈവരാജ്യത്തേയ്ക്ക് കടക്കാൻ വേണ്ടി ബബേൽ ഗോപുരമുണ്ടാക്കാൻ ശ്രമിച്ച മനുഷ്യരെയും അതിന് അവരുടെ ഭാഷ നശിപ്പിച്ച് അവരെ ശിക്ഷിച്ച ദൈവത്തേയുമാണ്. അവശേഷിയ്ക്കുന്ന നീതിമാൻമാർക്കുവേണ്ടിയെങ്കിലും മനുഷ്യരുടെ പിഴ പൊറുക്കണേ, ദൈവമേ; അമ്മാമ്മ പ്രാർത്ഥിച്ചു.

ആകാശത്തുനിന്ന് താഴേയ്ക്കുനോക്കുമ്പോൾ മൂന്നാല് സ്ഥലത്ത്, പാതയുടെ ഓരത്ത് വേലി കെട്ടിയപോലെ. കുറെക്കൂടി താഴ്ന്നു നോക്കിയപ്പോൾ വേലി ചലിയ്ക്കുന്നുണ്ട്. പല പ്രായത്തിലും കോലത്തിലുമുള്ള ആണുങ്ങളാണ് നീങ്ങുന്ന വേലിക്കുറ്റികൾ. നിരങ്ങി നീങ്ങുന്ന ഒരു ജാഥ. സെമിത്തേരിയിലേയ്ക്ക് ശവമടക്കിന് അടിവെച്ചടിവെച്ച് നീങ്ങുന്ന ഒരു വിലാപയാത്ര പോലെ. പട്ടക്കാരനും പട്ടുകുടയും പാട്ടും പ്രാർത്ഥനയുമൊന്നുമില്ല. നിശ്ശബ്ദമായി അവരൊക്കെ അച്ചടക്കത്തോടെ നീങ്ങിപ്പോകുന്നത് മദ്യക്കടയിലേയ്ക്കാണത്രെ. മദ്യക്കട വഴി സെമിത്തേരിയിലേയ്ക്ക്, മാലാഖ കുസൃതിയോടെ പുഞ്ചിരിച്ചു. ഏതെങ്കിലും കൂട്ടത്തിൽ ഈനാശുവോ ചുമ്മാരോ തിമൊത്തിയോ ഉണ്ടോയെന്ന് അമ്മാമ്മ നോക്കി. മക്കളിൽ ഒരാൾക്കെങ്കിലും ദൈവവിളി കിട്ടണേ എന്ന് പ്രാർത്ഥിച്ചിരുന്നു, പണ്ട്. ഉണ്ടായിട്ടില്ല. എവടയ്യായാലും അവർക്കുവേണ്ടി ഇടപെടണേ, വ്യാകുലമാതാവേ; അമ്മാമ്മ മനസ്സുരുക്കി.

കോലോത്തുംപാടത്തെയും വടക്കെ പാടത്തെയും ആകാശത്തിനു ചുവട്ടിൽ അമ്മാമ്മ പച്ചക്കടലിന്റെ തിരകൾ തെരഞ്ഞു. നെൽച്ചെടികൾ ഇപ്പോൾ കാൽമുട്ട് കഴിഞ്ഞ് അരയോളമെത്തിക്കാണും. തണ്ടിന് കനം വെച്ച് കാണും. കതിരിൽ പാലൂറിക്കാണും. ആയ കാലത്ത് ഈ പാടങ്ങളിലെ മഴയും വെയിലും കാറ്റും എത്ര ഏറ്റതാണ്! വിതയും മെതിയും എത്ര നടത്തിയതാണ്! ചീരയും ചിറ്റേനിയും തവളക്കണ്ണനും ഓവ് വട്ടനുമൊക്കെ മൂപ്പൂവും നൂറ് മേനി വിളഞ്ഞ വയലിൽ ഇപ്പൊ നെല്ലും പുല്ലുമൊന്നും അമ്മാമ്മയ്ക്ക് കാണാനൊത്തില്ല. തോടുകളൊക്കെ ഓടകളായിരിയ്ക്കുന്നു. പാടങ്ങളായിരുന്നേടത്തൊക്കെ വരിവരിയായി, നിരനിരയായി കാറുകൾ മുളച്ചുപൊന്തിയിരിയ്ക്കുന്നു. ഇക്കാണായ കാറുകളുടെ വിത്തുകളൊക്കെ ആരാണ് വിതച്ചതാവോ! കാറ്റടിയ്ക്കുമ്പോൾ, കണ്ണെത്താ ദൂര

ത്തോളം നെല്ല് ഇടംവലം ചാഞ്ഞുലയുന്നതുപോലെ കാറുകളുടെ നിരകളും അങ്ങനെയിങ്ങനെ ആടുന്നുണ്ടെന്ന് അമ്മാമ്മയ്ക്ക് തോന്നി. ചൂളിയുടെ ചൂരില്ല, പുല്ലിന്റെയും നെല്ലിന്റേയും മദിപ്പിയ്ക്കുന്ന മണമില്ല. പെട്രോളിന്റെ മനംമടുപ്പിയ്ക്കുന്ന നാറ്റം മാത്രം. അമ്മാമ്മയ്ക്ക് ഛർദ്ദിയ്ക്കാൻ വന്നു.

അമ്മാമ്മയുടെ സങ്കടം കണ്ടപ്പോൾ മാലാഖ അവരെയും കൊണ്ട് ഉയരത്തിലുയരത്തിൽ പാറാൻ തുടങ്ങി. മേഘങ്ങളുടെ മേലേയ്ക്ക്, താഴേയ്ക്ക്, അകത്തേയ്ക്ക്, പുറത്തേയ്ക്ക്. ഒളിച്ചേ കണ്ടേ കളിയ്ക്കും പോലെ. എത്തിപ്പിടിയ്ക്കാൻ കഴിയുന്ന ദൂരത്തിൽ ചന്ദ്രനെയും നക്ഷത്രങ്ങളേയും കണ്ടപ്പോൾ, പണ്ട് അമ്പിളിമാമനെക്കുറിച്ച്ഏലിക്കുട്ടിയ്ക്ക് അപ്പൻ പാടിക്കൊടുത്തിരുന്ന പാട്ട് അവർ മാലാഖയെ കേൾപ്പിച്ചു. മാലാഖ അമ്പിളിയമ്മാവാ, താമരക്കുമ്പിളിലെന്തൊണ്ട്... എന്ന് തൊണ്ട നിറച്ച് ആംഗ്യപ്പാട്ടായി കൂടെപ്പാടി കുടുകുടെ ചിരിച്ചു. നല്ല രസം. അമ്മാമ്മയ്ക്ക് അതിശയം തോന്നി. ഇങ്ങനേം ഒരു മാലാഖ, എന്റെ സൊന്തം കാവൽമാലാഖ.

പോകാം? മാലാഖ വാത്സല്യത്തോടെ ചോദിച്ചു. പൂവ്വാം. പോണേന് മുമ്പ് അപ്പന്റേം അമ്മച്ചീടേം കുഴിമാടത്തില്..... ഈ മനുഷ്യരുടെ ഒരു കാര്യം. മാനത്തെ താരങ്ങളെ കളിയ്ക്കാൻ കിട്ടിയാലും ഭൂമിയിലെ മണ്ണും പൊടിയും വിടാൻ മടി. ആശാപാശം തന്നെ; മാലാഖ ആത്മഗതം ചെയ്തു. എന്നിട്ട്, കാരുണ്യത്തോടെ, കർശനസ്വരത്തിൽ അരുളിച്ചെയ്തു: ഏലിക്കുട്ടീ, മുന്നോട്ടു മാത്രം പോകുക. പിൻതിരിഞ്ഞ് നോക്കരുത്. നോക്കിയാൽ ഉപ്പുതൂണായി ഉറച്ചുപോകും.

**************

ഉഷസ്സായില്ല. പിൻനിലാവ് മാഞ്ഞില്ല. കുട്ടിസിസ്റ്റർ വന്നുനോക്കുമ്പോൾ അമ്മാമ്മ മെത്തയുടെ മദ്ധ്യത്തിൽ നിവർന്ന് ഉറങ്ങിക്കിടക്കുന്നു. ശാന്തവും ഗാഢവുമായ ദീർഘനിദ്ര. നിറവുള്ളൊരു ചിരി റോസാപ്പൂ പോലെ മുഖത്ത് വിരിഞ്ഞിരിയ്ക്കുന്നു. ഇലഞ്ഞിപ്പൂമണമുള്ളൊരു ഇളംകാറ്റ് അവരെത്തൊട്ട് വീശിപ്പോയി.

❖



**ഹോം നഴ്സുമാർക്കുള്ള ഒന്നരമാസക്കാലത്തെ പരിശീലന പരിപാടി 18/3/2016ൽ ബഹു: മേയർ അജിത ജയരാജൻ ഉദ്ഘാടനം ചെയ്യുന്നു. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷീല വിജയകുമാർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ, ജില്ലാപഞ്ചായത്ത് ആരോഗ്യകാര്യ കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി: മഞ്ജുള അരുണൻ മുഖ്യാതിഥിയായിരുന്നു. കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്റർ ശ്രീ. പി. അബ്ദുൾ മജീദ് ആശംസകൾ നേർന്നു. നബാർഡ് ജനറൽ മാനേജർ ശ്രീ. പി. ബാലചന്ദ്രൻ പരിശീലനാർത്ഥികൾക്കുള്ള സന്ദേശം വായിച്ചു.**

# വാനമ്പാടി പോലെ

▸ ഡാളി തോമസ്

ഏതാണ്ടൊരു വർഷം മുമ്പ് ഞാൻ പ്രശാന്തിനെ ആദ്യമായി കാണുമ്പോൾ അവൻ ഭയങ്കര അസ്വസ്ഥനായിരുന്നു. ശയ്യാവ്രണം അധികരിച്ചതിനാൽ തലേന്ന് ഉച്ചകഴിഞ്ഞാണ് അവനെ മെഡിക്കൽ കോളേജിൽ നിന്നും സാന്ത്വന പരിചരണ ക്ളിനിക്കിലേയ്ക്ക് കൊണ്ടുവന്നത്. മെഡിക്കൽ കോളേജിലെ അസുഖകരമായ അന്തരീക്ഷത്തിൽ നിന്നും, ക്ളിനിക്കിലെ രോഗികൾ താമസിക്കുന്ന വാർഡിൽ (ഐ.പി) വന്നപ്പോഴും അവൻ വല്ലാതെ ഭയപ്പെട്ടു. വേദനിയ്ക്കുന്ന രോഗികളുടെ നിലവിളിയും മരിയ്ക്കുന്ന രോഗികളുടെ ബന്ധുക്കളുടെ നിലവിളിയും അവനെ വല്ലാതെ അലോസരപ്പെടുത്തി. ഫിസിയോതെറാപ്പി നടത്തുവാൻ പറ്റുമോ എന്നറിയാനാണ് പ്രശാന്തിനെ താഴെയ്ക്ക് കൊണ്ടുവന്നത്.

എന്നെ ഇനി മുകളിലേയ്ക്ക് പറഞ്ഞുവിടല്ലേ! എനിയ്ക്ക് പേടിയാകുന്നു, എനിയ്ക്ക് പേടിയാകുന്നു എന്നവൻ ഉരുവിട്ടുകൊണ്ടേയിരുന്നു. അതുകേട്ടപ്പോൾ എനിയ്ക്ക് വല്ലാത്ത വിഷമമായി. അവന്റെ കൂടെ അച്ഛനും അമ്മയും രണ്ടുമൂന്ന് കൂട്ടുകാരും വന്നിട്ടുണ്ടായിരുന്നു. അവന്റെ അമ്മയാണെങ്കിൽ കരഞ്ഞ് കരഞ്ഞ് മുഖമെല്ലാം ചുവന്ന് കണ്ണുനീർ വറ്റിയ അവസ്ഥയിലായിരുന്നു. കുറച്ച് നേരത്തേയ്ക്ക് എനിയ്ക്കവരോട് ഒന്നും തന്നെ സംസാരിയ്ക്കാൻ കഴിഞ്ഞില്ല.

ഏകദേശം 20 വയസ്സുമാത്രം പ്രായമുള്ള, ആറടിയിലധികം ഉയരമുള്ള, വെളുത്തുമെലിഞ്ഞ, ബിസിഎ യ്ക്ക് പഠിച്ചിരുന്ന ഒരു ചെറുപ്പക്കാരനായിരുന്നു പ്രശാന്ത്. അമ്മയുടെ തനിപ്പകർപ്പായ മകൻ. കുട്ടിത്തം വിടാത്ത, ഓമനത്തം തുളുമ്പുന്ന മുഖം. കുറച്ച് കഴിഞ്ഞ് അവന്റെ അമ്മയുടെ സങ്കടം ഒന്ന് കുറഞ്ഞപ്പോൾ അവരെന്നോട് സംസാരിയ്ക്കാൻ തയ്യാറായി. അഞ്ച് അബോർഷനുശേഷം ഉണ്ടായ ഏകസന്തതിയാണ് ഇവൻ. അതിനാൽ അച്ഛനും അമ്മയും അവനെ ഏറെ താലോലിച്ചാണ് വളർത്തിയത്. എന്നിരുന്നാലും അവൻ പഠിക്കാൻ മിടുക്കനായിരുന്നു. പാട്ടിലും നൃത്തത്തിലും ഒന്നാം സമ്മാനങ്ങൾ കരസ്ഥമാക്കിയിരുന്നവൻ. മരപ്പണി ചെയ്ത് ഉപജീവനം കഴിച്ചിരുന്ന അവന്റെ അച്ഛൻ മകന്റെ ഏതൊരാവശ്യവും നിറവേറ്റി കൊടുത്തിരുന്നു. അങ്ങനെ വളരെ സന്തോഷത്തിൽ കഴിഞ്ഞു വന്നിരുന്നപ്പോഴാണ്, അവന്റെ കൂട്ടുകാരിൽ ഒരാൾ പുതിയ പൾസർ ബൈക്ക് വാങ്ങിയത്. സാധാരണ ഏതൊരു പയ്യനും ആ ബൈക്കിന്റെ പുറകിലിരുന്നൊരു

സവാരി കൊതിച്ചുപോകും. അതുപോലെയാണ് പ്രശാന്തും അവന്റെ കൂട്ടുകാരന്റെ പുറകിലിരുന്ന് യാത്ര ചെയ്തത്. വെളപ്പായയിലുള്ള അവന്റെ വീട്ടിൽ നിന്നും വിയ്യൂർ പാലത്തിന്റെ മുകളിലെത്തിയപ്പോൾ, പുതിയ ബൈക്കിന്റെ ബ്രേക്ക് ജാമായി. വണ്ടി നിർത്താൻ പറ്റാതെ വന്നപ്പോൾ പാലത്തിന്റെ മുകളിൽ നിന്നും ബൈക്ക് മറിഞ്ഞു. പുറകിലിരുന്ന പ്രശാന്ത് തെറിച്ചുവീണു. ആശുപത്രികിടക്കയിൽ വച്ചാണ്, അവന്റെ നട്ടെല്ലിന് ക്ഷതം സംഭവിച്ച കാര്യം പ്രശാന്തിന് മനസ്സിലായത്. ശസ്ത്രക്രിയ നടത്തി. സ്റ്റീൽ കമ്പിയിട്ടു. നെഞ്ചിനുതാഴെ തളർന്നുപോയതിനാൽ നെഞ്ചിനുകീഴോട്ട് യാതൊരു ചലനവുമില്ല. ഇടതുകയ്യിന്റെ പിൻഭാഗത്ത് ശസ്ത്രക്രിയ നടത്തിയിരുന്നതിനാൽ ആ കയ്യും ചലിപ്പിയ്ക്കാൻ പ്രയാസമായിരുന്നു. മൂത്രം പോകുന്നതിനുവേണ്ടി ട്യൂബും ഘടിപ്പിച്ചിട്ടുണ്ട്. ഈ തത്രപ്പാടുകൾക്കിടയിൽ അവന്റെ അച്ഛന്റെ ഒരു ഭാഗം തളർന്നിരുന്നു. തന്മൂലം അവന്റെ അച്ഛന് ആശാരിപ്പണി ചെയ്യാൻ പറ്റാതായി. മകന്റേയും ഭർത്താവിന്റേയും ഈ അവസ്ഥ, ചികിത്സ, മരുന്നുകൾ - പിന്നെ ആ അമ്മയുടെ വിഷമം പറയാനുണ്ടോ.

ക്ലിനിക്കിൽ വന്ന് രണ്ട് ദിവസം കഴിഞ്ഞപ്പോൾ പ്രശാന്തിന് ഇവിടത്തെ അന്തരീക്ഷം ഇഷ്ടമായി തുടങ്ങി. അമ്മയ്ക്കും കുറെ ധൈര്യം കിട്ടി. പിന്നെ പിന്നെ, ഫിസിയോതെറാപ്പി കഴിഞ്ഞ് മുകളിലെ വാർഡിൽ പോകുന്നതിനോ അവിടെക്കിടക്കുന്നതിനോ അവന് വിഷമമില്ലാതായി. ഞാനവനോട് പാട്ട് പാടാൻ പറഞ്ഞാൽ അവന് ഭയങ്കര സന്തോഷമാണ്. ആദ്യത്തെ കുറച്ച് നാളുകളിൽ അവന്റെ ഉള്ളിൽ നിന്നും ശബ്ദം പുറത്തുവരാൻ പ്രയാസമായിരുന്നു. പിന്നീട് പതിയെ പതിയെ അത് മാറി. ഓരോ പാട്ടും അവൻ വളരെ ശ്രദ്ധയോടുകൂടിയായിരുന്നു തെരഞ്ഞെടുത്ത് പാടി കേൾപ്പിച്ചിരുന്നത്. എന്നും എന്നെക്കാണുമ്പോൾ അവൻ പറയും: *ചേച്ചീ, ഇനി എന്റെ കഥയെഴുതിക്കോളോ. എനിയ്ക്ക് വായിക്കണം* എന്ന്. പക്ഷെ എന്തുകൊണ്ടോ ഞാനത് കാര്യമായെടുത്തില്ല. പിന്നെ കുറെ നാളുകൾ കഴിഞ്ഞപ്പോൾ അവൻ വരാതായി. പിന്നീടറിഞ്ഞു അവൻ കൂടുതൽ ചികിത്സ തേടി എറണാകുളത്തേക്ക് പോയെന്ന്. ഒരു വർഷം കഴിഞ്ഞ് ഇന്ന് യാദൃച്ഛികമായിട്ടാണ് എനിക്കവനെ ഓർമ്മ വന്നതും ഫോൺ ചെയ്തതും. ഇപ്പോൾ ചക്രക്കസേരയിൽ നിന്നും തനിച്ച് അവന് മറ്റൊരു കസേരയിലേയ്ക്ക് ഇരിയ്ക്കാൻ പറ്റുന്നുണ്ടത്രേ! കാലിപ്പർ ഇട്ട്, ഇരുമ്പ് കമ്പിയിൽ പിടിച്ച് കുറച്ച് ദൂരം തനിയെ നടക്കാനും കഴിയുന്നുണ്ടത്രേ! ഫോണിൽക്കൂടി സംസാരിയ്ക്കുമ്പോൾ അവന്റെ സന്തോഷം - അവന്റെ ആവേശം പറഞ്ഞറിയിക്കാൻ പറ്റാത്ത തരത്തിലായിരുന്നു. *ഞാനിനി വാക്കർ ഉപയോഗിച്ച് തനിയെ നടന്ന് നിങ്ങളെയെല്ലാവരേയും കാണാൻ വരും* എന്ന് അവൻ പറഞ്ഞപ്പോൾ എനിയ്ക്കും അതിയായ സന്തോഷം തോന്നി.

വേദന അനുഭവിക്കുന്നവരുടെ ഒരു യുഗത്തിലാണ് നാമിപ്പോൾ ജീവിക്കുന്നത്. രോഗത്തിനു മുന്നിൽ നിന്ന്, ജീവിതം താറുമാറായെന്ന അവന്റെ തോന്നലിൽ നിന്ന് അവന്റെ തിരിച്ചുവരവിനായി നമുക്ക് കാത്തിരിക്കാം. സമാധാനിപ്പിക്കലിന്റെ ഒരു കൊച്ചു നീരുറവ നമ്മിൽ നിന്നും രോഗികളിലേയ്ക്കൊഴുകിയെത്താൻ നമുക്കും പരശ്രമിക്കാം.

# അന്തർമുഖനായ ചെറുപ്പക്കാരൻ

▸ വിജേഷ് വിജയൻ

ഏതാനും വർഷങ്ങളേ ആയിട്ടുള്ളൂ ഞാൻ പെയിൻ ആന്റ് പാലിയേറ്റീവ് ക്ളിനിക്കിൽ സ്ഥിരമായി വരുവാൻ തുടങ്ങിയിട്ട്. അന്തർമുഖനായ ചെറുപ്പക്കാരൻ, അധികം ആരോടും സംസാരിക്കാത്ത മൂകമായ പ്രകൃതം..... മാസങ്ങൾക്കു മുമ്പുള്ള ഒരു റീച്ചിങ്ങ് ഔട്ട് ലക്കത്തിൽ ആരോ എന്നെക്കുറിച്ച് ഇങ്ങിനെ എഴുതിയിരുന്നു. ഇതൊക്കെയാണ് എന്നെക്കുറിച്ചുള്ള പൊതുവായ അഭിപ്രായം.

ഇനി ഞാൻ എന്നെ സ്വയം പരിചയപ്പെടുത്താം. എന്റെ പേര് വിജേഷ്. വർഷങ്ങൾക്കുമുമ്പുണ്ടായ ഒരു അപകടത്തിൽ നട്ടെല്ലിന് ക്ഷതം സംഭവിച്ച് ഇപ്പോൾ ചക്രക്കസേരയിലാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഇവിടെ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ ക്ളിനിക്കിൽ ഫിസിയോതെറാപ്പിയ്ക്ക് വരുന്നു. പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിയുടെ സേവനങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്ന അനേകം പേരിൽ ഒരുവൻ.

ഇനി എന്നെക്കുറിച്ചുള്ള എന്റെ അഭിപ്രായം പറയാം - നേരത്തെ സൂചിപ്പിച്ചതുപോലെ ഞാൻ ഒരു അന്തർമുഖനാണോ? അത് സമ്മതിച്ചു തരുവാൻ അല്പം ബുദ്ധിമുട്ടാണ് എന്നാണ് എന്റെ പക്ഷം. കാരണം മറ്റെവിടെപ്പോയാലും, മറ്റ് ആരുടെ അടുത്തും, അത് ഇനി അപരിചിതരായ ആൾകൂട്ടത്തിന്റെ മുന്നിലായാലും, പരിചയക്കാരുടെ കൂടെയായാലും, ഒറ്റയ്ക്കായാലും, സാമാന്യം നല്ല രീതിയിൽ തന്നെ സംസാരിക്കുന്ന, സംസാരിക്കുവാൻ കഴിയുന്ന, അല്ലെങ്കിൽ ഇടപെടുന്ന വളരെ ശുഭാപ്തി വിശ്വാസിയായ ഒരു ചെറുപ്പക്കാരനാണ് ഞാൻ എന്നാണ് എന്റെ വിശ്വാസം.

അപ്പോൾ പിന്നെ എന്തുകൊണ്ടാണ് ഞാൻ ഇവിടെ വരുമ്പോൾ മാത്രം ഇങ്ങിനെ? - എന്ന ചോദ്യത്തിന് വിശദീകരണം ഇതാണ്-

ആതുരസേവനരംഗത്ത് യാതൊരു പ്രവർത്തി പരിചയവുമില്ലെങ്കിലും, എന്റെ അപകടത്തിനുശേഷം കഴിഞ്ഞ പത്തുവർഷത്തിലധികമായി ആതുരസേവനരംഗത്തെ പ്രവർത്തനങ്ങൾ നേരിട്ട് കണ്ടും, അനുഭവിച്ചും പരിചയമുണ്ട്. അങ്ങിനെ ഈ രംഗത്ത് സേവനമനുഷ്ഠിക്കുന്ന കുറേ നല്ല മനുഷ്യരെ പരിചയപ്പെടുവാനും, അവരുടെ സേവനങ്ങൾ നേരിട്ട് കണ്ടറിയുവാനും സാധിച്ചിട്ടുണ്ട്.

ഭൂമിയിൽ മനുഷ്യർ തമ്മിൽ യാതൊരു വിത്യാസവുമില്ല. എല്ലാവരിലും ഉൾക്കൊള്ളുന്ന നന്മയുടെ പ്രകാശം ഒന്നാണ്. എന്നാൽ ഓരോ മനുഷ്യനും വ്യത്യസ്തനാകുന്നത് അവന്റെ ഉള്ളിലെ നന്മയുടെ പ്രകാശം സമൂഹത്തിന്റെയും മറ്റു മനുഷ്യരുടേയും നന്മയ്ക്കായി സ്വയം ജ്വലിപ്പിക്കുവാൻ സാധിക്കുമ്പോഴാണ്. അവിടെയാണ് ഓരോ മനു

ഷ്യനും വ്യത്യസ്തനാകുന്നത്. അതിന് ഉദാഹരണങ്ങൾ നിരവധിയാണ് -

*മാനവ സേവ മാധവ സേവ* എന്ന തത്വം നമുക്കെല്ലാവർക്കും അറിയാം. എങ്കിലും അത് സ്വജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിൽ വിജയിക്കുന്നവരാണ് മനുഷ്യർക്കിടയിൽ വ്യത്യസ്തനാകുന്നത്. സാമൂഹിക പ്രതിബദ്ധത എന്നത് ആരുടേയും ഔദാര്യമല്ല. അത് ഓരോ പൗരന്റേയും കർത്തവ്യമാണെന്നിരിക്കെ അത് മറ്റുള്ളവർക്ക് ഉപകാരപ്രദമാകും വിധം സമൂഹത്തിലേയ്ക്കായിറങ്ങി ചെന്ന്, സാധാരണ ജനങ്ങൾക്കിടയിൽ അവർക്കുവേണ്ടി ക്രിയാത്മക പ്രവർത്തനങ്ങളിൽ സജീവമാകുന്നവരാണ് സമൂഹത്തിൽ വ്യത്യസ്തരാകുന്നത്.

മനുഷ്യൻ ഈ ലോകത്ത് ജീവിച്ചിരിക്കുന്നിടത്തോളം കാലം അവനെകൊണ്ടാവും വിധം മറ്റു മനുഷ്യർക്ക് നന്മ ചെയ്യുക എന്നത് അവന്റെ കടമയാണ്. എന്നാൽ ഇന്ന് എത്രപേർ ഇതൊരു കടമയായി നിർവ്വഹിക്കുന്നുണ്ട് എന്ന് പരിശോധിക്കുമ്പോഴാണ് ഇതിന്റെ പ്രാധാന്യം മനസ്സിലാവുക. അവിടെയാണ് മനുഷ്യൻ വ്യത്യസ്തനാകുന്നത്. സമൂഹത്തിലെ ഭൂരിഭാഗം പേരും പരസഹായം ചെയ്യുവാൻ സന്നദ്ധമായ മനസ്സിന് ഉടമകളാണ്. പക്ഷെ, അത് ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിൽ പരാജയപ്പെടുന്നു. അതുകൊണ്ടുതന്നെയാണ് ഇത്തരം സന്നദ്ധത സ്വന്തം ജീവിതത്തിന്റെ തന്നെ ഒരു ഭാഗമാക്കുന്നതിൽ വിജയിക്കുന്നവർ മനുഷ്യർക്കിടയിൽ വ്യത്യസ്തരാകുന്നത്.

ഇന്നത്തെ കാലത്ത് ഏതൊരു സദ്പ്രവൃത്തി ചെയ്യുമ്പോഴും, ചെയ്യുന്നതിനു മുമ്പും, ശേഷവും അത് ലോകം മുഴുവൻ കൊട്ടിഘോഷിച്ച് അതിന്റെ ലാഭവും കൈപ്പറ്റി നടക്കുന്ന ഒട്ടേറെ മനുഷ്യകോലങ്ങൾ ഉള്ള ഈ ലോകത്ത് മനവസേവ എന്നത് സ്വന്തം കടമയേക്കാൾ ഉപരിയായി മറ്റൊന്നുമല്ല എന്ന് തിരിച്ചറിഞ്ഞ് പൊതുസമൂഹത്തിനു മുന്നിൽ സ്വയം വെളിപ്പെടുത്തുവാൻ താല്പര്യമില്ലാത്ത, യാതൊരു ലാഭേച്ഛയും ആഗ്രഹിക്കാത്ത ചില മനുഷ്യർ നമുക്കിടയിലും ജീവിക്കുന്നുണ്ട്. അവർ എന്തുകൊണ്ടും സാധാരണ മനുഷ്യരേക്കാളും ഒരുപടി മുന്നിൽ തന്നെയാണ്.

സമൂഹത്തിന്റെ പല മേഖലകളിലും ഉള്ള ഇത്തരം വ്യത്യസ്തരായ മനുഷ്യരെ കാണുകയും അറിയുകയും അവരോട് സംസാരിക്കുകയും എന്നത് ഒരു സാധാരണ മനുഷ്യൻ എന്ന നിലയ്ക്ക് വലിയൊരു കാര്യം തന്നെയാണ്, എന്ന് വിശ്വസിക്കുന്ന ഒരു ആളാണ് ഞാൻ. അവരിൽ നിന്നും നാം നേടുന്ന പ്രചോദനം വളരെ വലുതാണ്. മനസ് നിറയുന്ന അവസ്ഥ.

ചിലപ്പോൾ അങ്ങിനെയാണ്. ചില സന്ദർഭങ്ങളിൽ ചിലരെക്കുറിച്ച് ഓർക്കുമ്പോഴോ, ചിലരോട് സംസാരിക്കുമ്പോഴോ, ചിലരെ കാണുമ്പോഴോ നമ്മുടെ മനസ്സ് നിറയും. അത് സന്തോഷം കൊണ്ടാവാം, കടപ്പാടുകൊണ്ടാവാം. എന്നെ സംബന്ധിച്ച് അങ്ങിനെ ഒരു അവസ്ഥയാണ് ഇവിടെ വരുമ്പോഴും, ഇവിടെയുള്ള വ്യത്യസ്തരായ മനുഷ്യരെ കാണുമ്പോഴും. ഈ വലിയ മനുഷ്യരുടെയും, അവരുടെ സൽപ്രവർത്തികളുടേയും മുന്നിൽ സ്വയം തീരെ ചെറുതായി പോകുന്നതായും തൊന്നിയിട്ടുണ്ട്. അന്തർമുഖനല്ലാത്ത ഞാൻ ആ സമയത്ത് വാക്കുകളുടെ ദൗർലഭ്യം കൊണ്ട് ഒരുപാട് ചോദ്യങ്ങൾക്ക് ഉത്തരം മനസ്സിൽ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

ഒരിക്കൽ, ജില്ലി ബേൺ മാഡത്തിന്റെ ക്ളാസ്സ് അറ്റൻഡ് ചെയ്തപ്പോൾ അവർ പറഞ്ഞ വാക്കുകൾ ഓർക്കുന്നു. കേരളത്തിൽ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ അവരെ എത്രമാത്രം അത്ഭുതപ്പെടുത്തിയിട്ടുണ്ടെന്ന്. ലോകം കണ്ടിട്ടുള്ള ഒരുപാട് പരിചയസമ്പത്തുള്ള ജില്ലി ബേണിനെപോലുള്ളവർക്ക് ഇങ്ങിനെയാണ് തോന്നിയിട്ടുള്ളതെങ്കിൽ ഇതെല്ലാം നേരിൽ കാണുന്ന ഒരു സാധാരണക്കാരന് എന്തായിരിക്കും തോന്നുക? എല്ലാവരേയും പോലെ ഞാനും നമിച്ചിട്ടുണ്ട്, നന്ദി പറഞ്ഞിട്ടുണ്ട് - മനസ്സുകൊണ്ട്. ഒരു ആയിരം തവണ. ആ സമയത്ത് എന്റെ മനസ്സിലൂടെ കടന്നുപോകുന്ന ചിന്തകൾ പലയിടത്തുമായി ഞാൻ കുറിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ ഈ അടുത്തകാലത്ത് റീച്ചിങ്ങ് ഔട്ടിനുവേണ്ടി വിജേഷിന് എന്തെങ്കിലും എഴുതിക്കൂടെ - എന്ന ചോദ്യത്തിന് എനിക്ക് മറ്റൊന്നും ചിന്തിക്കേണ്ടി വന്നില്ല. എന്താണ് ഞാൻ എഴുതുക എന്നതിനെക്കുറിച്ച്.

ഇന്നും ഞാൻ അന്തർമുഖനാണ്. ഇവിടെ വരുമ്പോൾ. ആദ്യമൊക്കെ എന്റെ നിശ്ശബ്ദതയ്ക്കു കാരണം ഒരു തുടക്കക്കാരന്റെ പരിചയക്കുറവും, പരിഭ്രമവുമാണ് എന്നൊക്കെയുള്ള ഒഴിവുകഴിവുകൾ ഇനി വിലപ്പോവില്ല. കാരണം ഇവിടെയുള്ള ഭൂരിഭാഗം പേരും എനിക്കിന്ന് സുപരിചിതരാണ്. എങ്കിലും ഇന്നും ഞാൻ അന്തർമുഖനാണ് അഥവാ അങ്ങിനെ കാണപ്പെടുന്നു. എന്റെ മുഖത്തുനിന്നും വരുന്നത് ഒരു ചിരി മാത്രം. ബാക്കി മനസ്സുനിറയെ നന്ദിയും, കൃതജ്ഞതയുമാണ്. അവിടെയുള്ളവരുടെ സ്നേഹവും പരിചരണവും ലഭിച്ചിട്ടുള്ള മറ്റ് ആയിരങ്ങളെപ്പോലെ. അതോടൊപ്പം പ്രാർത്ഥനയും. ഇനിയും ഇവിടെവരുന്നവർക്ക് സ്നേഹവും പരിചരണവും ലഭിക്കുവാൻ ഇവിടെയുള്ളവരുടെ ഉള്ളിലുള്ള നന്മയുടെ പ്രകാശം കാരണമാവട്ടെ. ▲

▸ സിന്ധു നാരായണൻ

# ഞാനെന്റെ ഇടം കണ്ടെത്തുന്നു

**ജീവിതം** പലപ്പോഴും കൂട്ടിക്കിഴിച്ചു നോക്കുമ്പോൾ നാം ചില തീരുമാനങ്ങളിലോ അല്ലെങ്കിൽ നമ്മുടെ ഒരു ഇടം കണ്ടെത്താനോ ശ്രമിക്കാറുണ്ട്. സ്വാർത്ഥകപൂരിതമായിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് എനിയ്ക്ക് ഇങ്ങനെയല്ലാതെ ജീവിയ്ക്കണം എന്ന മോഹം, അത് ഞാൻ പലരോടും ചർച്ച ചെയ്യാറുണ്ട്. കുട്ടേട്ടനാണ് (എഴുത്തുകാരൻ അഷ്ടമൂർത്തി) ഒരിയ്ക്കൽ എന്നോട് നിനക്ക് പെയിൻ ആന്റ് പാലിയേറ്റീവിൽ പോയി നോക്കിയാലെന്താ എന്ന് ചോദിച്ചത്. അത് നല്ലൊരു ആശയമാണെന്ന് എനിയ്ക്കും തോന്നി. അങ്ങനെയാണ് ഞാൻ അവിടെ വളണ്ടിയർ ആയിട്ട് പ്രവർത്തനം തുടങ്ങിയത്. ഒന്നു കേൾക്കാൻ പോലും ആരുമില്ലാത്തവരെ കേൾക്കുകയും അവർക്കുവേണ്ടി പരമാവധി കാര്യങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്യുന്ന നന്മയുടെ ഒരു കൂട്ടം കാവലാളുമാർ.

എല്ലാം സുരക്ഷിതമാക്കാൻ വേണ്ടിയുള്ള ഓട്ടപാച്ചലിനിടയിൽ നമ്മൾ പലരുടേയും ജീവിതങ്ങൾ കാണുന്നില്ല. ആർഭാടത്തിന്റേയും ആഘോഷങ്ങളുടേയും കാഴ്ചകളിൽ കണ്ണു മഞ്ഞളിച്ചിരുന്ന എനിയ്ക്ക് ഇത്ര ലാളിത്യത്തോടെ ജീവിക്കാൻ കഴിയുമെന്നും ബാക്കിയുള്ളതെല്ലാം വെറും കെട്ടുകാഴ്ചകൾ ആണെന്നും ചിന്തിപ്പിച്ച കുറേ പ്രവർത്തകരെയാണ് ഞാൻ അവിടെ കണ്ടത്. ഒന്നും ശാശ്വതമല്ലെന്നും ഇന്ന് നമ്മൾ കാണുന്ന പലതും അല്ലെങ്കിൽ നമുക്ക് ഉണ്ട് എന്ന് അഹങ്കരിക്കുന്ന പലതും ഏതു നിമിഷത്തിലും തകർന്നുപോകുമെന്നും ഇവിടെച്ചെന്ന് പെടുമ്പോൾ നാം തിരിച്ചറിയുന്നു.

ഒരുപാട് മനുഷ്യർ നമുക്ക് ചുറ്റും വേറെ ഉണ്ട്. വേദനകളുടെ കൂമ്പാരമാണ് അവർ അനുഭവിച്ച് കൂട്ടുന്നത് എന്നറിയുമ്പോൾ നമുക്ക് എങ്ങനെയാണ് ആർഭാടമായി ജീവിക്കാൻ കഴിയുക? പലപ്പോഴും മനുഷ്യത്വപരമായ ഇടപെടലുകൾ നടത്തുന്നത്, നമുക്ക് ചില തിക്താനുഭവങ്ങൾ വരുമ്പോൾ മാത്രമാണ്.

ജനുവരി 15, പാലിയേറ്റീവ് ദിനമായിരുന്നു. ഓരോ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പണം സ്വരൂപിയ്ക്കൽ ആയിരുന്നു അന്നത്തെ പ്രവർത്തനം. ഏറ്റവും രസകരമായി തോന്നിയത്, സ്വന്തം ദുരനുഭവങ്ങൾക്ക് സാക്ഷ്യം വഹിച്ചവർക്കും ഒപ്പം സാധാരണക്കാർക്കും മാത്രമേ ഈ സ്ഥാപനത്തെക്കുറിച്ചും ചെയ്യുന്ന പ്രവർത്തനങ്ങളെക്കുറിച്ചും അറിവ് ഉണ്ടായിരുന്നുള്ളൂ. ആളുകളുടെ മനോഭാവം തിരിച്ചറിയാനുള്ള ഒരു അവസരം അന്ന് എനിയ്ക്ക് ലഭിച്ചു.

ഇങ്ങനെയും ഒരു ലോകം നമുക്ക് മുൻപിൽ ഉണ്ടെന്നും അവരെ സഹായിക്കാൻ നമ്മൾ ബാധ്യസ്ഥരാണ് എന്നുമുള്ള ചിന്ത ഇനിയും ആളുകളിലെയ്ക്ക് എത്തേണ്ടതുണ്ട്. ഇത്തരം സ്ഥാപനങ്ങൾ സന്ദർശിക്കുമ്പോൾ ഒരു തരത്തിൽ നമുക്കും ഒരു വിമലീകരണം സംഭവിയ്ക്കുന്നു. സാധാരണയായി അലട്ടികൊണ്ടിരിയ്ക്കുന്ന നമ്മുടെ പ്രശ്നങ്ങളെ നിസ്സാരവത്ക്കരിച്ചു കാണാൻ നമുക്ക് കഴിയുന്നു. ചിലപ്പോൾ അവരുടെ എല്ലാപ്രശ്നങ്ങളിലും ഇടപെടാൻ നമുക്ക് കഴിഞ്ഞെന്നുവരില്ല. പക്ഷേ, അവരുടെ പ്രശ്നങ്ങളെ കേൾക്കുമ്പോൾ, രണ്ട് വാക്ക് സ്നേഹത്തോടെ നമ്മൾ സംസാരിയ്ക്കുമ്പോൾ, അവരുടെ കണ്ണിലെ പ്രതീക്ഷയുടെ തിളക്കം കാണുമ്പോൾ ഇനി ഇതിലും വലുത് ഒന്നുമില്ല നമ്മുടെ ജീവിതത്തിൽ എന്നു തോന്നിപ്പോകും.

ആത്മസംതൃപ്തിയോടെ നമുക്ക് പ്രവർത്തിക്കാൻ ഒരിടം. അതാണ് പെയിൻ ആന്റ് പാലിയേറ്റീവ്. കെട്ടുകാഴ്ചകളിൽ നിന്ന് പൂർണ്ണമായി ഞാൻ വിടുതൽ നേടിയിട്ടില്ല എന്നും ഇനിയും ചെയ്യാൻ ഒരുപാട് കാര്യങ്ങൾ ഉണ്ട് എന്നുമുള്ള തികഞ്ഞ ബോധ്യത്തോടെ.....

Quarterly issue of PAIN AND PALLIATIVE CARE SOCIETY, THRISSUR
(Private circulation only)




**K. Raghunath**, Secretary, Pain and Palliative Care Society receives the sanction order for a **Home Care Vehicle costing Rs. 8,62,419/-** from **Sri. P. Jayarama Bhat**, M.D. of Karnataka Bank Ltd. in presence of **Sri. Subbarao**, Ex. Governer of RBI on **18th February 2016** on the Foundation Day of the Bank in Mangaluru.

**KSE Limited, Irinjalakuda has donated us medicines for Rs. 3,00,000/- (Rupees Three lakhs only) under their CSR for the year 2015-16**

From

Address : ..........................................................................
..........................................................................................
..........................................................................................

Rs: ................................. (Rupees..................................................................only)
by cash / cheque / DD No. ............................................. dated .................................
**as donation** in favour of Pain and Palliative Care Society, Thrissur. You may also transfer to our SB A/c **13680100012214** with The Federal Bank Ltd., M.O. Road, Thrissur - 680 001. Branch, **IFSC Code: FDRL0001368.**

The Secre.y
**Pain and Palliative Care Society**
Old District Hospital Buil`ding
Thrissur - 680 001

Donation to the Society are exempted from Income Tax under Section 80G.

Printed and Published by Pain and Palliative Care Society, Thrissur. Phone : **9447442354 (Sasiraja)**
Printed at iMAC Creations, Thrissur - 680 001. Ph : 0487-2420784. Managing Editor : Secretary, PPCS